**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3079 — 10.05.2017 ൽ മറുപടിക്ക്

**ആമച്ചൽ, പള്ളിച്ചൽ പി.എച്ച്.സി.കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.ഐ.ബി. സതീഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ആമച്ചൽ, പള്ളിച്ചൽ എന്നീ പി.എച്ച്.സി.കൾ കുടുംബാരോഗ്യ കേന്ദ്രമായി വികസിപ്പിക്കുവാൻ തീരുമാനിച്ചതിന്റെ തുടർ നടപടികൾ എന്തായെന്ന് വിശദമാക്കാമോ; | (എ) | തെരെഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് ഇരുപത്തി മൂന്ന് കോടി രൂപയും, ടി പി.എച്ച്.സി.കളിൽ ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഏഴ് കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ ഗ്യാപ്പ് അനാലിസിസ്സും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനുള്ള പ്രപ്പോസലും തയ്യാറാക്കി വരികയാണ്. |
| (ബി) | ഇതിന്റെ ഭാഗമായി ആശുപത്രികളിൽ എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ഉണ്ടാക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | പൊതുജനാരോഗ്യരംഗത്ത് നേരിടേണ്ടിവരുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനു വേണ്ടി നവകേരള മിഷന്റെ ഭാഗമായ ആർദ്രം മിഷനിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:<br>➤ ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.<br>➤ ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.<br>➤ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക. |

| | | | |
|---|---|---|---|
| | | | ➤ രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.<br>➤ 8 മെഡിക്കൽ കോളേജുകളിലെ ഒ.പി.സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക.<br>➤ പ്രാഥമികാരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെട്ടംതൂണായി കരുതുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും അതുമായി ബന്ധപ്പെട്ട രോഗപ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>➤ KIIFB യിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ രണ്ട് കാത്ത് ലാബുകളും 44 ഡയാലിസിസ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ